LIBRARY ARCHIVES Kerala Legislative Assembly

കാസർഗോഡ് ജില്ലയിലെ മിച്ചഭൂമി വിതരണം

138 [1077] ശ്രീ. കെ. പി. സതീശ്ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാസർഗോഡ് ജില്ലയിലെ വെസ്റ്റ് എളേരി പഞ്ചായത്തിലെ ഏച്ചിപ്പൊയിലിൽ മിച്ചഭൂമി പതിച്ച് കിട്ടുന്നതിന് കൈവശ കൃഷിക്കാരുടെ അപേക്ഷയിന്മേലുള്ള നടപടികൾ ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ ;

(ബി) അവയിൽ അർഹതയുള്ള ഏതൊക്കെ അപേക്ഷകളാണ് പരിഗണന യിലുള്ളതെന്ന് അറിയിക്കാമോ ?

ഉത്തരം

(എ & ബി) പതിവ് നടപടി ആരംഭിച്ചിട്ടില്ല. ആയതുകൊണ്ട് ഏതൊക്കെ അപേക്ഷകളാണ് അർഹതയുള്ളത് എന്ന് പരിഗണിച്ചിട്ടില്ല.

സഹകാര്യ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് പതിച്ച് നൽകിയിട്ടുള്ള ഭൂമി

139 [1078] ശ്രീ. മാങ്കോട് രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ ഏതെല്ലാം സഹകാര്യ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് ഈ സാമ്പത്തിക വർഷം ഭൂമി പതിച്ചു നൽകിയിട്ടുണ്ടെന്നും, ഓരോ വിദ്യാഭ്യാസ സ്ഥാപനത്തിനും പതിച്ചു നൽകിയ ഭൂമിയുടെ വിസ്തൃതി എത്രയാണെന്നും, ഓരോ സ്ഥാപനത്തിൽ നിന്നും ഈടാക്കിയ ഭൂമി വില എത്രയാണെന്നും വ്യക്തമാക്കുമോ ;

(ബി) ഭൂമി വില കണക്കാക്കിയതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് വിശദീകരിക്കുമോ ?

ഉത്തരം

(എ & ബി) വിവരം ശേഖരിച്ചുവരുന്നു.

സർക്കാർ-സഹകാര്യ മാനേജ്മെന്റ് വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് വിതരണം ചെയ്ത ഭൂമി

140 [1079] ഡോ. തോമസ് ഐസക് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്തെ സർക്കാർ-സഹകാര്യ മാനേജ്മെന്റ് വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് റവന്യൂ ഭൂമി വിതരണം ചെയ്തിട്ടുണ്ടോ ;

(ബി) എങ്കിൽ ഏതെല്ലാം സ്ഥാപനങ്ങൾക്ക് എത്ര ഏക്കർ ഭൂമി വിതരണം ചെയ്തുവെന്ന് വിശദമാക്കാമോ ;